ശിലയിൽ സംസ്കാരങ്ങളെയും നാഗരികതകളെയും താരതമ്യപ്പെടുത്തി പഠിക്കുന്നതിനുള്ള ഒരു 'അന്താരാഷ്ട്രീയ സർവകലാശാല' സ്ഥാപിക്കാനുള്ള പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ് അദ്ദേഹം. ഈ പരിശ്രമത്തിനു സഹായമഭ്യർത്ഥിച്ചുകൊണ്ട് മിസ്റ്റർ അഹമ്മദ് ഹസൻദായ് യുനെസ്കോവിനെ സമീപിച്ചിട്ടുണ്ട്. യുനെസ്കോ ആകട്ടെ, ഇതു സംബന്ധിച്ച വിശദമായ ഒരു പദ്ധതി തയ്യാറാക്കി സമർപ്പിക്കാൻ പാക്കിസ്ഥാൻ ഗവണ്മെൻറിനോട് ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു.

തക്ഷശിലയിലെ ഉടഞ്ഞു തകർന്ന ചൈത്യങ്ങളുടെ അവശിഷ്ടങ്ങൾക്കിടയിൽ ഉടയാതെ അവശേഷിച്ച, ചുട്ട കളിമണ്ണുകൊണ്ടുള്ള, മനോഹരങ്ങളായ ബുദ്ധപ്രതിമകളുടെ മൈത്രിയും കരുണയും നിറഞ്ഞ കണ്ണുകൾ വിജ്ഞാനവും വിവേകവും തേടി ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമെത്തിയ വിദ്യാർത്ഥികളെ ആയിരത്താണ്ടുകളോളം കടാക്ഷിക്കുകയുണ്ടായി. ആ കണ്ണുകളിലെ വെളിച്ചം ഇനിയും കെട്ടിട്ടില്ല. വരാനിരിക്കുന്ന വിദ്യാർത്ഥികളുടെ തലമുറകൾക്ക്, ആ വെളിച്ചത്തിനു കീഴിലിരുന്ന്, ശാക്യമുനിയുടെ അനന്തമധർമ്മടക്കമുള്ള മനുഷ്യവർഗത്തിന്റെ പൈതൃകത്തെപ്പറ്റി പഠിക്കുവാൻ യോഗമുണ്ടാകുമോ?

(10 ഏപ്രിൽ, 1984)

# 80. ബോറോബുദൂർ ജീർണോദ്ധാരണം

ലോകത്തിലെ ഏററവും വലിയ മുസ്ലിം രാഷ്ട്രമാണ് ഇൻഡോനേഷ്യ. ഏഷ്യാവൻകരയ്ക്കും ഓസ്ട്രേലിയയ്ക്കും നടുവിൽ, ഭൂമദ്ധ്യരേഖയുടെ ഇരുവശങ്ങളിലുമായി കിടക്കുന്ന 13,600-ലേറെ ദ്വീപുകൾ ഇൻഡോനേഷ്യയിൽപ്പെടുന്നു. ഇവർക്കെല്ലാം കൂടി 7,88,426 ച. മൈൽ വിസ്താരമുണ്ട്. 1981—ൽ ഇൻഡോനേഷ്യയിൽ പതിനാറു കോടിയോളം ജനങ്ങളുണ്ടായിരുന്നു. ഇവരിൽ തൊണ്ണൂറു ശതമാനവും മുസ്ലിങ്ങളാണ്. ക്രിസ്ത്യാനികൾ അഞ്ചു ശതമാനത്തോളമുണ്ട്. ശേഷിച്ചവരിൽ ഒട്ടേറെപ്പേർ പ്രാകൃത മതങ്ങളിൽ വിശ്വസിക്കുന്നു. വളരെ ചെറിയ ഒരു ന്യൂനപക്ഷമാണു ഹിന്ദുക്കൾ. ഇൻഡോനേഷ്യയിൽ ഇപ്പോൾ ബൗദ്ധർ ഇല്ലെന്നുതന്നെ പറയാം.

ഇൻഡോനേഷ്യൻ ദ്വീപുകളിൽ പ്രധാനപ്പെട്ടവ സുമാത്ര, ജാവ, ബോർണിയോ (ഇതിനെ ഇൻഡോനേഷ്യക്കാർ 'കളിമന്തൻ' എന്നു വിളിക്കുന്നു) സെലിബീസ്, ടിമോർ, ചേരം, ഇരിയൻജയ എന്നിവയാണ്. മലയിൽനിന്നു മലാക്കാ കടലിടുക്കിനാൽ അകററപ്പെട്ട് സുമാത്ര ദ്വീപു കിടക്കുന്നു. സുമാത്രയുടെ തെക്കുഭാഗത്തുനിന്നു തുടങ്ങി, കിഴക്കു പടിഞ്ഞാറായി കിടക്കുന്ന ജാവയിലാണ് തലസ്ഥാനമായ ജക്കാർത്ത. സുമാത്രയുടെ കിഴക്കുഭാഗത്തു കിടക്കുന്ന ബോർണിയോ ലോകത്തിലെ മൂന്നാമത്തെ വലിയ ദ്വീപാണ്. ബോർണിയോവിനു കിഴക്ക് ക്രമത്തിൽ സെലിബീസ്, ചേരം, ഇരിയൻജയ എന്നീ ദ്വീപുകൾ കിടക്കുന്നു.

ജാവയുടെ കിഴക്കേ അററത്തുള്ള 'ബാലി' എന്ന ദ്വീപിലും അതിനും കിഴക്കുള്ള ലൊംബോക്ക് ദ്വീപിന്റെ പടിഞ്ഞാറുഭാഗത്തും ജനങ്ങൾ ഇപ്പോഴും ഹിന്ദുമതവിശ്വാസികളാണ്. ഇവരുടെ മതം, പക്ഷേ, ഇന്ത്യയിലെ ഹിന്ദുമതത്തിൽനിന്ന് അല്പം വ്യത്യസ്തമാകുന്നു. പ്രാകൃത വിശ്വാസങ്ങളും പ്രേതാരാധനയും പ്രകൃത്യാരാധനയുമെല്ലാം കൂടിക്കലർന്നതാണ് ബാലിയിലെ ഹിന്ദുമതം. ആയിരക്കണക്കിനു ഹിന്ദുക്ഷേത്ര

ങ്ങൾ ബാലിയിലുണ്ട്. ബാലിയിലെ ക്ഷേത്രാരാധനയിൽ നൃത്തങ്ങൾക്കു സവിശേഷപ്രാധാന്യം നല്കപ്പെട്ടിരിക്കുന്നു.

ജാവയിൽനിന്നു കണ്ടെടുത്ത ഒരു മനുഷ്യാസ്ഥികൂടത്തിനു പതിനഞ്ചു ലക്ഷം വർഷം പഴക്കമുള്ളതായി ശാസ്ത്രജ്ഞന്മാർ കരുതുന്നു. ഇതിനർത്ഥം, അത്രയും വർഷം മുമ്പേ പ്രാകൃതമനുഷ്യർ ആ ദ്വീപിൽ പാർത്തിരുന്നു എന്നാണ്. പക്ഷേ, ബി. സി. 2500–നും 500–നും ഇടയ്ക്കു ദക്ഷിണ പൂർവേഷ്യയിൽനിന്നു വൻതോതിൽ കുടിയേറിപ്പാർത്തവരുടെ സന്തതിപരമ്പരകളാണത്രെ ഇപ്പോഴത്തെ ഇൻഡോനേഷ്യർ. എ. ഡി. 400–ാം ആണ്ടിനു് അടുത്തു് ഇവർക്കിടയിൽ ഇന്ത്യയിൽനിന്നെത്തിയ ഹിന്ദുമതവും ബുദ്ധമതവും സംസ്കൃതഭാഷയും പ്രചരിക്കുവാൻ തുടങ്ങി. ജാവയിലും സുമാത്രയിലും ശക്തങ്ങളായ രാജവാഴ്ചകൾ ആരംഭിച്ചതും ഇക്കാലത്താണ്. എ. ഡി. 600–നടുത്തു്, സുമാത്രയിൽ 'ശ്രീവിജയം' എന്ന ഒരു ഹിന്ദുസാമ്രാജ്യം നിലവിൽവന്നു. എ. ഡി. 700–നടുത്തു്' ജാവയിൽ 'മാതാരം' എന്ന മററൊരു ഹിന്ദുരാജ്യവും പ്രബലമായി. 'മാതാരം' രാജ്യത്തിലെ രാജകുടുംബത്തെ പിന്നീടു് 'ശൈലേന്ദ്രന്മാർ' എന്ന ബൗദ്ധരാജവംശക്കാർ പരാജയപ്പെടുത്തി. നൂറു കൊല്ലം കഴിഞ്ഞു്, മദ്ധ്യജാവയുടെ നിയന്ത്രണം ശൈലേന്ദ്രന്മാരുടെ കൈയിൽനിന്നു് 'മാതാര'ത്തിലെ ഹിന്ദുരാജാക്കന്മാർ തിരികെപ്പിടിച്ചു. അപ്പോഴേക്കും ശൈലേന്ദ്രന്മാർ 'ശ്രീവിജയ'രാജാക്കളുമായി വിവാഹബന്ധങ്ങൾ സ്ഥാപിക്കുകയും സുമാത്രയിൽ പ്രാബല്യം നേടുകയുംചെയ്തിരുന്നു. 'മാതാര'വും 'ശ്രീവിജ'യവും തമ്മിലുള്ള മാത്സര്യം ദീർഘകാലം തുടർന്നു. എ. ഡി. 1293–ൽ വിജയൻ എന്ന രാജാവു് സ്ഥാപിച്ച 'മജപാഹിത്' സാമ്രാജ്യം 'ശ്രീവിജയ'ത്തെ എന്നന്നേക്കുമായി നശിപ്പിച്ചു.

മലയിൽ, മലാക്ക കടലിടുക്കിനടുത്തു് 'മേലകം' എന്നൊരു രാജ്യമുണ്ടായിരുന്നു. അറേബ്യയ്ക്കും ചൈനയ്ക്കുമിടയ്ക്കുള്ള കടൽവ്യാപാരത്തിന്റെ നിയന്ത്രണം കൈയേല്ക്കാൻ എ. ഡി. 1400–നടുത്തു് ഈ രാജ്യത്തിനു കഴിഞ്ഞു. 'മേലക'ത്തിലെ രാജാവു് ഇസ്ലാംമതം സ്വീകരിച്ചതോടെ, ഇൻഡോനേഷ്യയിലും ഇസ്ലാം പ്രചരിച്ചുതുടങ്ങി. എ. ഡി. 1500–നടുത്തു് മജപാഹിത് സാമ്രാജ്യം തകർന്നു. അപ്പോഴേക്കു്, 'മാതാര'ത്തിലെ ഹിന്ദുരാജ്യത്തിന്റെ സ്ഥാനത്തു് അതേ പേരിൽ ഒരു മുസ്ലിം രാജ്യം ഉദിച്ചുയർന്നിരുന്നു. പിന്നീടു വളരെ വേഗത്തിലാണു് ഇൻഡോനേഷ്യ മുസ്ലിംരാഷ്ട്രമായി മാറിയതു്. ഇന്ത്യയിൽനിന്നു പോയ മുസ്ലിം പുരോഹിതർ ഈ പരിവർത്തനത്തിൽ നിർണായകമായ പങ്കുവഹിച്ചു.

ശൈലേന്ദ്രസാമ്രാജ്യത്തിന്റെ സുവർണയുഗത്തിൽ, എ. ഡി. 800–ാമാണ്ടിനടുത്തു്, മദ്ധ്യജാവയിൽ നിർമിക്കപ്പെട്ടതാണു ലോകപ്രസിദ്ധമായ ബോറോബുദൂർ ബൗദ്ധസ്തൂപം. പ്രോഗോ എന്നും എലോ എന്നും പേരായ രണ്ടു നദികളുടെ സംഗമസ്ഥാനത്തിനടുത്തു് 'കേദു' എന്ന ഫലപുഷ്ടമായ മൈതാനത്തിൽ, സ്ഥിതിചെയ്യുന്ന ബോറോബുദൂർ സ്തൂപത്തിനു ചുററും മലകളാണ്; അവയിൽ പലതും അഗ്നിപർവതങ്ങളുമാണ്. നൂററിപ്പതിമ്മൂന്നു ച. മീ. വലിപ്പമുള്ള ഒരു തറയിൽ മുപ്പത്തഞ്ചു മീററർ ഉയർന്നു് ഈ സ്തൂപം നിലകൊള്ളുന്നു. 'കല്ലിൽ നിർമിച്ച കവിത' എന്നു വിവരിക്കപ്പെട്ടിട്ടുള്ള ഈ സ്തൂപത്തിൽ മനോഹരങ്ങളായ 1460 ഉദ്ഭൃത (റിലീഫ്) ചിത്രങ്ങളും 432 പ്രതിമകളും ഉണ്ടു്. ഇവയെല്ലാം ബുദ്ധചരിത്രവുമായി ബന്ധപ്പെട്ടവയത്രേ. ചുററും ബുദ്ധവിഗ്രഹം ഉൾക്കൊള്ളുന്ന 72 സ്തൂപങ്ങളും, നടുവിൽ, അകത്തേക്കു പ്രവേശനമില്ലാത്ത ഒരു വലിയ സ്തൂപവുമുണ്ടു്. മഹായാന ബൗദ്ധതന്ത്രമനുസരിച്ചാണു് ഈ മഹാക്ഷേത്രം നിർമിക്കപ്പെട്ടിരിക്കുന്നതു്.

പണിതു് ഒന്നര നൂററാണ്ടുകൾക്കുശേഷം, ബോറോബുദൂർ ഒരു

തീർത്ഥയാത്രാകേന്ദ്രമല്ലാതായി. ആഭ്യന്തരയുദ്ധങ്ങളും അഗ്നിപർവത ക്ഷോഭങ്ങളും ആ പ്രദേശത്തെ ജനവാസശൂന്യമാക്കിത്തീർത്തു. ഭൂമദ്ധ്യരേഖയിലെ വന്യപ്രകൃതി, വളരെവേഗം ബോറോബുദൂർ സ്തൂപത്തെ ആക്രമിച്ചു കീഴടക്കി. വെള്ളം ചോർന്നു കടപുഴങ്ങിയ കല്ലുകൾക്കിടയിൽ മരങ്ങളും ചെടികളും വളർന്നു. കാടുമൂടി ബോറോബുദൂർസ്തൂപം പുറത്തു കാണാതായി. നാട്ടുകാരുടെ ഓർമയിൽനിന്നുതന്നെ ഈ തീർത്ഥയാത്രാകേന്ദ്രം മാഞ്ഞുപോയി.

എ. ഡി. 1814–ൽ ഒരു ബ്രിട്ടീഷ് ഭരണാധികാരിയായ സർ തോമസ് റാഫിൾസ് ആണ് മണ്ണും കാടും നീക്കി ബോറോബുദൂർസ്തൂപം പുറത്തെടുത്തത്. 1900–ത്തിനുശേഷം ഒരു ഡച്ച് എൻജിനീയർ ആയ തിയോഡർ വാൻ എർപ് ഈ സ്തൂപത്തിന്റെ അററകുററങ്ങൾ തീർത്തു. 1945–ൽ ഇൻഡോനേഷ്യൻ റിപ്പബ്ളിക് സ്ഥാപിക്കപ്പെട്ടപ്പോൾ ബോറോബുദൂർ ഒരു ദേശീയ വാസ്തുശില്പമായി അംഗീകരിക്കപ്പെട്ടു.

അപ്പോഴേക്കും വെയിൽ കൊണ്ടും മഴയേററും മററു വിധത്തിലും ഈ സ്തൂപത്തിനു ഗണ്യമായ നാശം സംഭവിച്ചുകഴിഞ്ഞിരുന്നു. അതിന്റെ ജീർണോദ്ധാരണത്തിനു വമ്പിച്ച ചെലവു വന്നുചേരുമെന്നു വ്യക്തമായിരുന്നു. സ്വന്തം ഫണ്ടുപയോഗിച്ച് അതു പുതുക്കിപ്പണിയാൻ കഴിവില്ലാത്തതിനാൽ, 1955–ൽ ഇൻഡോനേഷ്യൻ ഗവണ്മെൻറ് യുനെസ്കോയോടു സഹായാഭ്യർത്ഥനചെയ്തു: 1961–ൽ ഈ അഭ്യർത്ഥന ഇൻഡോനേഷ്യ ആവർത്തിച്ചു. തുടർന്നു് യുനെസ്കോ നിയമിച്ച വിദഗ്ദ്ധസംഘം ബോറോബുദൂർ സന്ദർശിച്ചു. സ്തൂപത്തിന്റെ അസ്തിവാരം ബലപ്പെടുത്താനും, നീർവാർച്ചയ്ക്കു സംവിധാനങ്ങളുണ്ടാക്കാനും ഉപരിതലം ദ്രവിക്കാതെ നോക്കാനും വേണ്ട നിർദേശങ്ങൾ ഇവർ സമർപ്പിച്ചു.

ബോറോബുദൂർസ്തൂപം സംരക്ഷിക്കാനുള്ള ഒരു പ്രചാരണപരിപാടി 1973–ൽ യുനെസ്കോ ആരംഭിച്ചു. ഒരു കോടി എഴുപത്തിരണ്ടുലക്ഷം ഡോളർ ഈ ജീർണോദ്ധാരണത്തിനു ചെലവു മതിച്ചിരുന്നു. ഈ തുകയിൽ വലിയ ഒരു ഭാഗം ഇൻഡോനേഷ്യൻ ഗവണ്മെൻറുതന്നെ നൽകി. ഓസ്ട്രേലിയ, ബൽജിയം, ബർമ, സൈപ്രസ്, ഘാന, പടിഞ്ഞാറൻ ജർമനി, ഫ്രാൻസ്, ഇന്ത്യ, ഇറാൻ, ഇറാക്ക്, ഇററലി, ജപ്പാൻ, കുവൈത്ത്, ലക്സംബർഗ്, മലയേഷ്യ, മൊറീഷ്യസ്, ഹോളണ്ട്, നൈജീരിയ, പാകിസ്ഥാൻ, ഫിലിപ്പൈൻസ്, ഖത്തർ, സിംഗപ്പൂർ, സ്പെയിൻ, സ്വിററ്സർലൻഡ്, തായ്‌ലൻഡ്, ബ്രിട്ടൻ, ടാൻസാനിയ എന്നീ രാജ്യങ്ങളും കൈയയച്ചു സംഭാവനചെയ്തു. സർക്കാരുകൾക്കു പുറമെ സ്വകാര്യസ്ഥാപനങ്ങളും ഈ മഹാപ്രയത്നത്തിൽ സഹകരിച്ചു. വമ്പിച്ച ഈ സ്തൂപം, ഓരോ കല്ലായി ഇളക്കിയെടുത്തു്, നീർവാർച്ചയ്ക്കുള്ള സംവിധാനങ്ങൾ അകത്തു് ഉണ്ടാക്കി. വീണ്ടും പഴയപടി പടുത്തു കെട്ടി. അടിയിൽ കോൺക്രീററ് പലകകൾ വിരിച്ച് അസ്തിവാരത്തിനു് ഉറപ്പുണ്ടാക്കി. കല്ലുകളിലെല്ലാം ഒരുതരം പശ പുരട്ടി. അവയെ വെള്ളക്കേടു തട്ടാത്തവയാക്കി. പ്രതിമകൾ ക്രെയ്നിൽ പൊക്കിയെടുത്തു്, കഴുകി വൃത്തിയാക്കി. പായൽ വരാതിരിക്കാൻ അവയിൽ രാസദ്രാവകങ്ങൾ പുരട്ടി അതാതിടത്തു പുനഃസ്ഥാപിച്ചു. പത്തു കൊല്ലത്തെ നിരന്തരാദ്ധ്വാനത്തിനുശേഷം, ഈ ജീർണോദ്ധാരണപ്രക്രിയ 1983 ഫെബ്രുവരി 23–ാം തീയതി പൂർത്തിയായപ്പോൾ, അതൊരു മഹോത്സവമായി ആഘോഷിക്കപ്പെട്ടു.

ഒരു ഇസ്ലാമികരാഷ്ട്രത്തിന്റെ മദ്ധ്യത്തിൽ ഒരു പ്രാചീന ബൗദ്ധസ്മാരകം വ്യാപകമായ അന്താരാഷ്ട്രീയ സഹകരണത്തോടെ അങ്ങനെ സംരക്ഷിക്കപ്പെട്ടു. വരുംതലമുറകൾക്കു് ഈ 'കല്ലിലെ കവിത' ആസ്വ

ദിക്കാനും, അതു പണിതുയർത്തിയവരുടെ ഭക്തിവിശ്വാസ വികാരങ്ങൾ ഉൾക്കൊള്ളാനും ഇതുമൂലം സാദ്ധ്യമായി.

പലതരത്തിൽ അസ്വസ്ഥമായ ആധുനികലോകത്തിൽ ആശ്വാസത്തിന്റെ അമൃതദ്രവം പകരുന്ന ഒരു സംഭവമാണ് ബോറോബുദൂർ ജീർണോദ്ധാരണം. ലോകത്തിലെങ്ങുമുള്ള മനുഷ്യർ ഇപ്പോഴും സൗന്ദര്യത്തെ ആസ്വദിക്കുകയും വിശ്വാസത്തെ വിലമതിക്കുകയും,വളരെ വലിയ അളവിൽ സഹിഷ്ണുത പുലർത്തുകയുംചെയ്യുന്നു എന്ന് ഈ സംഭവം അസന്ദിഗ്ദ്ധമായി എടുത്തു കാട്ടുന്നു.

യുനെസ്കോവിനു സ്തുതി!

(3 ഏപ്രിൽ, 1983)

# 81. ദ്വാരകയും കാവേരിപ്പൂംപട്ടണവും

മണ്ണിനടിയിൽ മറഞ്ഞുപോവുക മാത്രമല്ല,മനുഷ്യരുടെ ഓർമയിൽനിന്ന് എന്നെന്നേക്കുമായി മാഞ്ഞുപോവുകകൂടി ചെയ്തിരുന്ന മഹൻജദരോ–ഹരപ്പ സംസ്കാരത്തെ പുനരുദ്ധരിച്ചതു് ഇന്ത്യയിൽ പുരാതത്ത്വവിജ്ഞാനം (ആർക്കിയോളജി) നേടിയ ഏററവും വലിയ വിജയമാണ്.'

പുരാതത്ത്വവിജ്ഞാനത്തിന്റെ പുതിയ ശാഖയാണ് സമുദ്രഗർഭ പുരാതത്ത്വവിജ്ഞാനം (അണ്ടർ വാട്ടർ–ആർക്കിയോളജി). സിന്ധുസംസ്കാരം കണ്ടെടുത്തപ്പോൾ പുരാതത്ത്വവിജ്ഞാനത്തിനു കൈവന്ന നേട്ടത്തോടു് അടുത്തുവരുന്ന ചില നേട്ടങ്ങൾ ഇന്ത്യയിൽ സമുദ്രഗർഭ–പുരാതത്ത്വവിജ്ഞാനം കൈവരിച്ചുകൂടായ്കയില്ലെന്നതിനു ചില സൂചനകൾ ഇതിനകം ലഭിച്ചുകഴിഞ്ഞിട്ടുണ്ട്.

ഗോവയിലെ ദേശീയ സമുദ്രവിജ്ഞാനസ്ഥാപനത്തിൽ (നാഷനൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫിയിൽ) ഒരു സമുദ്ര–ഗർഭ–പുരാതത്ത്വവിജ്ഞാനവിഭാഗമുണ്ട്. ഈ വിഭാഗത്തിലെ ഡോ.എസ്. ആർ. റാവുവിന്റെ നേതൃത്വത്തിൽ ഒരു സംഘം ഗുജറാത്തിൽ 'ബെയ്റ്റ് ദ്വാരക' എന്ന ദ്വീപിനടുത്തു് കടലിൽ ഇക്കഴിഞ്ഞ ഏപ്രിൽ–മേയ് മാസങ്ങളിൽ ചില ഉൽഖനനങ്ങൾ നടത്തി. ശ്രീകൃഷ്ണൻ സ്ഥാപിക്കുകയും അദ്ദേഹത്തിന്റെ സ്വർഗ്ഗാരോഹണത്തോടടുത്തു് കടലിൽ ആഴ്ന്നുപോവുകയും ചെയ്തുവെന്നു് മഹാഭാരതവും ശ്രീമദ് ഭാഗവതവും മററും പ്രസ്താവിക്കുന്ന ദ്വാരകാനഗരത്തിനു് ചരിത്രപരമായ യാഥാർത്ഥ്യമുണ്ടോ എന്നു് അന്വേഷിക്കുകയാണ് ഈ ഉൽഖനനങ്ങളുടെ ലക്ഷ്യം. കടലിൽ, മണ്ണിനടിയിൽ ആഴത്തിൽ പുതഞ്ഞു കിടക്കുന്ന പഴയ മൺപാത്രങ്ങളും, കൊത്തി ചായം തേച്ച കക്കകളും കവിടികളും, കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളും, ഒന്നുമുതൽ രണ്ടുവരെ ടൺ ഭാരമുള്ള കൂററൻ കല്ലുകൾകൊണ്ടു നിർമിച്ച ഒരു മതിലിന്റെ ചില ഭാഗങ്ങളും കാണപ്പെട്ടു. കടലിലെ ജലനിരപ്പ് ഇന്നത്തേക്കാൾ ഒരു മീററർ എങ്കിലും താഴെയായിരുന്ന ഒരു കാലത്തു്, കടലാക്രമണത്തെ തടുക്കുവാൻ നിർമിച്ചതായിരിക്കണം ഈ മതിൽ എന്നാണ് വിദഗ്ദ്ധാഭിപ്രായം. കടൽനിരപ്പു പെട്ടെന്ന് ഉയർന്നപ്പോൾ മതിലും, അതിനകത്തെ നഗരവും വെള്ളത്തിൽ മുങ്ങിപ്പോയിരിക്കാം. ഇക്കഴിഞ്ഞ മൂവായിരത്തി മുന്നൂറു വർഷങ്ങളിൽ ഇവിടെ കടൽനിരപ്പ് നാലര മീററർ ഉയർന്നിരിക്കാമെന്നു കരുതപ്പെടുന്നു.

ദ്വാരകയിൽ കടലിനകത്തു മണ്ണു മൂടിക്കിടന്ന പലതരം മൺപാത്രങ്ങൾ ഏറെക്കുറെ മൂവായിരത്തഞ്ഞൂറു വർഷംമുമ്പു പ്രചാരത്തിലിരുന്നവ